©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 9** Vol. IX | **തിരുവനന്തപുരം, ചൊവ്വ** Thiruvananthapuram, Tuesday | **2020 നവംബർ 03** 03rd November 2020 **1196 തുലാം 18** 18th Thulam 1196 **1942 കാർത്തികം 12** 12th Karthika 1942 | **നമ്പർ** No. | **2605** |

കേരള സർക്കാർ

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 13/2020/പൊ.ഭ.വ.
**എസ്. ആർ. ഒ. നമ്പർ 769/2020**

*2020 ഒക്ടോബർ 5*
*തിരുവനന്തപുരം, 1196 കന്നി 19*
*1942 അശ്വിനം 13.*

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്റ്റ് (2019 ലെ 18) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 2018 ഒക്ടോബർ 16-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 10/2018/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2018 ഒക്ടോബർ 16-ാം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തീയതിയിലെ 2575-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 716/2018 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം രൂപീകരിച്ച കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിലെ സർക്കാരിനെ പ്രതിനിധീകരിക്കുന്ന അംഗമായ ശ്രീ. ദിലീപ് കുമാർ വി.ആർ., അഡീഷണൽ സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീ.മുഹമ്മദ് ഹനീഫ എം.എം., ഡെപ്യൂട്ടി സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്-നെ അംഗമായി നാമനിർദ്ദേശം ചെയ്തുകൊണ്ട് പ്രസ്തുത വിജ്ഞാപനം താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:—

**ഭേദഗതി**

മേൽപ്പറഞ്ഞ വിജ്ഞാപനത്തിലെ പട്ടികയിൽ ക്രമനമ്പർ 11 ന് എതിരെയുള്ള കോളം (2) ലെ ഉൾക്കുറിപ്പിന് പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

**"ശ്രീ.മുഹമ്മദ് ഹനീഫ എം.എം.,<br>ഡെപ്യൂട്ടി സെക്രട്ടറി,<br>ന്യൂനപക്ഷ ക്ഷേമ വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടറിയേറ്റ്"**

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എ. ഷാജഹാൻ,**<br>*സെക്രട്ടറി.*

**വിശദീകരണ കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2018 ഒക്ടോവർ 16-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 10/2018/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2018 ഒക്ടോബർ 16-ാം തീയതിയിലെ 2575-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 716/2018 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം, കേരള സർക്കാർ, കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയുണ്ടായി. പ്രസ്തുത ബോർഡിലെ സർക്കാരിനെ പ്രതിനിധീകരിക്കുന്ന അംഗമായ ശ്രീ.ദിലീപ് കുമാർ വി.ആർ., അഡീഷണൽ സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ.മുഹമ്മദ് ഹനീഫ എം.എം. നെ, സർക്കാർ നാമനിർദ്ദേശം ചെയ്ത് പ്രസ്തുത വിജ്ഞാപനം ഉചിതമായി ഭേദഗതി ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.11.03 01:18:02 +05:30